ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.09.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). **പാരാലിമ്പിക്സ് താരങ്ങളുടെ ജീവിത കാഴ്ചപ്പാട് ഏവർക്കും ശക്തിപകരുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രധാനമന്ത്രി നൽകിയ പിന്തുണയിൽ നന്ദി അറിയിച്ച് കായിക താരങ്ങൾ.**

Prime Minister Narendra Modi said that the Paralympians perspective on life is a great strength for everyone. PM interacted with the para-athletes who represented India at the recently concluded Paralympics 2024 in Paris. Para athletes also shared how the Prime Minister's support helps them manage pressure and how his words fuel their focus.

2) **മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട സി.ബി.ഐ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന് സുപ്രീംകോടതി ജാമ്യം അനുവദിച്ചു.**

The Supreme Court today granted bail to Delhi Chief Minister and AAP National Convener Arvind Kejriwal in a corruption case registered by CBI in the alleged liquor policy scam.

3) **പൊന്നോണത്തെ വരവേൽക്കാനൊരുങ്ങി മലയാളികൾ; നാളെ ഉത്രാടം; ഓണം നൽകുന്നത് പ്രത്യാശയുടെ സന്ദേശമെന്ന് ഗവർണർ ആരിഫ് മൊഹമ്മദ് ഖാൻ.**

Preparation are full swing in Kerala to welcome the Onam festival. Onam is a festival that spreads the message of hope among people, says Kerala Governor Arif Mohammed Khan.

4) **അതിർത്തിയിൽ സമാധാന അന്തരീക്ഷം നിലനിർത്താനുള്ള നടപടികൾ വേഗത്തിലാക്കാൻ ഇന്ത്യാ- ചൈന ധാരണ.**

**India and China have agreed to work with urgency and redouble their efforts to achieve complete disengagement in the remaining areas.**

5) **ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോൾ പതിനൊന്നാം സീസണ് ഇന്ന് തുടക്കം.**

**ISL Football 11th season will kick off today.**

*****************************************************

## PM-PARALYMPIANS INTERACTION

പാരീസ് പാരാലിമ്പിക്സിൽ പങ്കെടുത്ത കായിക താരങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. പാരാലിമ്പിക്സിലെ എക്കാലത്തെയും മികച്ച പ്രകടനത്തിന് താരങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. പാരാ അത്‌ലീറ്റുകളുടെ ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് എല്ലാവർക്കും ശക്തി പകരുന്നതാണെന്ന് ശ്രീ മോദി പറഞ്ഞു.

**(ഹോൾഡ്......)**

പാരാലിമ്പിക്സ് ജാവലിൻ ത്രോ സ്വർണ മെഡൽ ജേതാവ് സുമിത് ആൻറിൽ, തൻറെ മെഡൽ പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്നതായി പറഞ്ഞു. ശ്രീ നരേന്ദ്രമോദി അംഗീകരിക്കുന്ന വിധത്തിൽ മറ്റാരും പാരാഗെയിംസിനെ അംഗീകരിച്ചിട്ടില്ലെന്ന് ഹൈജമ്പ് വെള്ളി മെഡൽ ജേതാവ് ശരദ് കുമാർ ചൂണ്ടിക്കാട്ടി. മറ്റ് പാരാലിമ്പിക് താരങ്ങളും പ്രധാനമന്ത്രി നൽകിയ പിന്തുണയിൽ നന്ദി അറിയിച്ചു.

*****************************************************

## SC-KEJRIWAL

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട സി.ബി.ഐ കേസിൽ ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ അരവിന്ദ് കെജ്‌രിവാളിന് സുപ്രീം കോടതി

ജാമ്യം അനുവദിച്ചു . ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ഉജ്വൽ ഭുയാൻ എന്നിവരുടെ രണ്ടംഗ ബഞ്ചാണ് കേസ് പരിഗണിച്ചത്. കേസിനെക്കുറിച്ച് പരസ്യമായ അഭിപ്രായ പ്രകടനങ്ങൾ നടത്താൻ  പാടില്ലെന്ന വ്യവസ്ഥയോടെയാണ് ജാമ്യം. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ ജൂലൈയിൽ സുപ്രീം കോടതി കെജ്രിവാളിന് ഇടക്കാല ജാമ്യം അനുവദിച്ചിരുന്നു. രണ്ട് കേസുകളിലും ജാമ്യം ലഭിച്ചതോടെ  അരവിന്ദ് കെജ്രിവാൾ ജയിൽമോചിതനാകും. മദ്യനയ അഴിമതിക്കേസിൽ മാർച്ച് 21 നാണ് അദ്ദേഹത്തെ ഇ.ഡി അറസ്റ്റ് ചെയ്യുന്നത്. ഇതിന് പിന്നാലെ ജൂണിൽ, സി.ബി.ഐ കേസിലും കെജ്രിവാളിൻറെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

*************************************************

## REV. INDIA – CHINA

അതിർത്തിയിലെ സമാധാന അന്തരീക്ഷം നിലനിർത്താനുള്ള ശ്രമങ്ങൾ വേഗത്തിലാക്കാൻ ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിൽ ധാരണയായി. ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും, ചൈനീസ് സെൻട്രൽ ഫോറിൻ അഫയേഴ്സ് കമ്മീഷൻ വാങ്  യിയും തമ്മിൽ റഷ്യയിലെ സെൻറ്  പീറ്റേഴ്സ്ബർഗിൽ നടന്ന ചർച്ചകളിലാണ് തീരുമാനം. ബ്രിക്സ് ഉന്നതതല ഉദ്യോഗസ്ഥ യോഗത്തോട് അനുബന്ധിച്ചാണ് ദേശീയ സുരക്ഷ ഉപദേശകരുടെ പ്രത്യേക യോഗം ചേർന്നത്. ഉഭയകക്ഷി ബന്ധങ്ങൾ സാധാരണ നിലയിലാക്കാൻ അതിർത്തി പ്രദേശങ്ങളിൽ സമാധാനം നിലനിർത്തുന്നതും യഥാർത്ഥ നിയന്ത്രണ രേഖയോടുള്ള ബഹുമാനം കാത്തുസൂക്ഷിക്കുന്നതും അനിവാര്യമാണെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ അറിയിച്ചു. ആഗോള - പ്രാദേശിക സാഹചര്യങ്ങളെക്കുറിച്ചും ഇരുരാജ്യങ്ങളും അഭിപ്രായങ്ങൾ പങ്കുവെച്ചു.

*************************************************

## THIRUVONAM – (INTRO)

പൊന്നോണത്തെ വരവേൽക്കാനുള്ള തയാറെടുപ്പിൽ ലോകമെമ്പാടുമുള്ള മലയാളികൾ. നാളെയാണ് ഉത്രാടം. വയനാട് ദുരന്തമേൽപിച്ച ആഘാതത്തിനിടയിലാണ് ഇത്തവണ ഓണം എത്തുന്നത്. എങ്കിലും അത്തപൂക്കളമിട്ടും സദ്യവട്ടത്തിനായുള്ള ഒരുക്കങ്ങൾ നടത്തിയും മലയാളികൾ ഓണത്തിനായി ഒരുങ്ങുകയാണ്. ഓണപരീക്ഷകൾ ഇന്ന് പൂർത്തിയാകുന്നതോടെ ആഘോഷങ്ങളിൽ കുട്ടികളും പങ്കുചേരും. ഓണവിപണി സജീവമായതോടെ ഗ്രാമ - നഗര വ്യത്യാസമില്ലാതെ റോഡുകളിൽ തിരക്കേറി. ലോകമെങ്ങുമുള്ള മലയാളികൾക്ക് ഗവർണർ ആരിഫ് മൊഹമ്മദ്ഖാൻ ഓണാശംസകൾ നേർന്നു.....

**(വോയ്സ്...........)**

*********************************************

## NIYAMASABHA

2015 ൽ നിയമസഭയിൽ ഉണ്ടായ സംഘർഷത്തിനിടെ അന്നത്തെ യു.ഡി.എഫ് എംഎൽഎമാർ തടഞ്ഞുവെച്ചു എന്ന് ആരോപിച്ച് എൽഡിഎഫിൻറെ മുൻ വനിത എംഎൽഎ മാർ നൽകിയ പരാതിയിൽ കേസെടുത്ത തിരുവനന്തപുരം കോടതിയുടെ നടപടി ഹൈക്കോടതി റദ്ദാക്കി. കെ. കെ ലതിക, ജമീല പ്രകാശം എന്നിവർ സമർപ്പിച്ച പരാതിയിലാണ് കേസെടുത്തത്. തിരുവനന്തപുരം കോടതി നടപടിക്കെതിരെ എം എ വഹീദ്, കെ ശിവദാസൻ, ഡൊമിനിക് പ്രസന്റേഷൻ എന്നിവർ സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതി നടപടി.

*********************************************

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..

*********************************************

## HARYANA- CAMPAIGNING

ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടക്കും. ഈ മാസം 16 വരെയാണ് പത്രിക പിൻവലിക്കാനുള്ള സമയപരിധി. 90 അംഗ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് ഒക്ടോബർ 5-ന് നടക്കും.

*********************************************

## J K- CAMPAIGNING

ജമ്മു കശ്മീരിൽ, നിയമസഭാ തിരഞ്ഞെടുപ്പിൻറെ ആദ്യഘട്ട പ്രചാരണം അവസാന ആഴ്ചയിലേക്ക് കടക്കുമ്പോൾ, ജമ്മു ഡിവിഷനിലെ ചെനാബ് താഴ്വര ഉന്നത നേതാക്കളുടെ സന്ദർശനങ്ങൾക്കായി ഒരുങ്ങുന്നു. ദോഡയിലെ സ്പോർട്സ് സ്റ്റേഡിയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ റാലിയെ അഭിസംബോധന ചെയ്യും. ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ദോഡ സന്ദർശിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജമ്മു കശ്മീരിലെ മൂന്നാമത്തെയും അവസാനത്തെയും ഘട്ട തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പണം ഇന്നലെ വൈകിട്ട് പൂർത്തിയായി. മൂന്നാം ഘട്ടത്തിലേക്കുള്ള പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടക്കും.

*********************************************

## SEETHARAM YECHURI

മുതിർന്ന കമ്യൂണിസ്റ്റ് നേതാവും സിപിഐ എം ജനറൽ സെക്രട്ടറിയുമായ സീതാറാം യെച്ചൂരിയുടെ ഭൗതിക ശരീരം നാളെ ഡൽഹി എ.കെ.ജി ഭവനിൽ പൊതുദർശനത്തിന് വയ്ക്കും. എയിംസിൽ സൂക്ഷിക്കുന്ന മൃതദേഹം ഇന്ന് വൈകിട്ട് ആറു മണിക്ക് വസന്ത്കുഞ്ജിലെ വീട്ടിലേയ്ക്ക് കൊണ്ടുപോകും. നാളെ പൊതുദർശനത്തിന് ശേഷം മൃതദേഹം വൈദ്യശാസ്ത്ര പഠനത്തിനായി ഡൽഹി ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് കൈമാറും.

*********************************************

## ODISHA-EX AGNIVEERS

അഗ്നിവീർ ആയി വിരമിച്ചവർക്ക്, പുതിയ ജോലികൾക്ക് വിവിധ ഇളവുകൾ അനുവദിച്ച് ഒഡീഷ സർക്കാർ. പത്ത് ശതമാനം സംവരണത്തിന് പുറമെ പ്രായപരിധിയിൽ മൂന്ന് വർഷം ഇളവും അനുവദിച്ചു. ശാരീരിക പരിശോധനയിലും ഇളവ് നൽകും.

*********************************************

## SENIOR CITIZENS AB PMJAY

രാജ്യത്ത് എഴുപത് വയസ്സുകഴിഞ്ഞ എല്ലാവർക്കും സൗജന്യ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാന്നതിനായി ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയുടെ കീഴിൽ പുതുക്കിയ കാർഡുകൾ നൽകും. 70 വയസോ അതിൽ കൂടുതലോ പ്രായമായവർക്ക് പദ്ധതിയിലേക്ക് അപേക്ഷിക്കാം. ഇതിനായി പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. ഒരാഴ്ചയ്ക്കുള്ളിൽ പദ്ധതി നിലവിൽവരും. വരുമാനം കണക്കാക്കാതെ 70 വയസ്സിന് മുകളിലുള്ളവർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ കഴിഞ്ഞ ദിവസം അംഗീകാരം നൽകിയിരുന്നു. രാജ്യത്തെ നാലരകോടി കുടുംബത്തിലുള്ള ആറുകോടിയോളം മുതിർന്ന പൗരർക്ക് പദ്ധതിയുടെ ഗുണം ലഭിക്കും.

*********************************************

## FSSAI-ADULTERATED SWEETS

ഉത്സവ സീസണിൽ മായം കലർന്ന മധുരപലഹാരങ്ങൾ, പാലുൽപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണവും വിപണനവും കർശനമായി നിരീക്ഷിക്കാൻ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും നിർദ്ദേശം നൽകി.

ഭക്ഷ്യസുരക്ഷയുടെ ഭാഗമായി എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ നടത്താനും നിർദേശിച്ചിട്ടുണ്ട്. ഉത്സവ സീസണിൽ

സാമ്പത്തികനേട്ടം ലക്ഷ്യമിട്ട് മധുരപലഹാരങ്ങൾ ഉൾപ്പെടെയുള്ള ഉൽപന്നങ്ങളിൽ മായം ചേർക്കാനുള്ള സാധ്യത മുന്നിൽ കണ്ടാണ് FSSAI യുടെ നീക്കം. ഭക്ഷ്യോൽപന്നങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ഫുഡ് സേഫ്റ്റി ഓൺ വീൽസ് യൂണിറ്റുകൾ സ്ഥാപിക്കാനും അതോറിറ്റി ശിപാർശ ചെയ്തു.

*************************************************

## KUMARASWAMY-EBUS SEWA SCHEME

2024-25 സാമ്പത്തിക വർഷം മുതൽ 2028-29 വരെ 38,000-ലധികം ഇലക്ട്രിക് ബസുകൾ പി.എം. ഇ-ബസ് സേവ പദ്ധതിയിലൂടെ നിരത്തിലിറക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്രമന്ത്രി എച്ച്.ഡി.കുമാരസ്വാമി. 3,435.33 കോടി രൂപ ചെലവിൽ പൊതുഗതാഗത അതോറിറ്റികൾക്കായി ഇ-ബസുകൾ വാങ്ങുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകിയിരുന്നു. ഡീസൽ - സി എൻ ജി ബസുകളെ അപേക്ഷിച്ച് ഇ-ബസുകൾ പരിസ്ഥിതി സൗഹൃദവും പ്രവർത്തനച്ചെലവ് കുറഞ്ഞതുമാണെന്നും മന്ത്രി പറഞ്ഞു.

*************************************************

## J K ARREST

ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിൽ സുരക്ഷാസേന നടത്തിയ തെരച്ചിലിൽ ഒരു ഭീകരൻ പിടിയിൽ. ഇയാളിൽ നിന്ന് സ്ഫോടക വസ്തുക്കളും വെടിക്കോപ്പുകളും പിടിച്ചെടുത്തിട്ടുണ്ട്. സുരൻകോട്ടിൽ നടത്തിയ തിരച്ചിലിനിടെയാണ് ഇയാളെ പിടികൂടിയത്. ഭീകര സംഘടനയായ ജമ്മു കശ്മീർ ഗസ്നവി ഫോഴ്സ് പ്രവർത്തകനാണ് പിടിയിലായതെന്ന് സൈന്യം സ്ഥിരീകരിച്ചു.

*************************************************

**ISL**

ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോൾ പതിനൊന്നാം സീസണ് ഇന്ന് തുടക്കം. നിലവിലെ ജേതാക്കളായ മുംബൈ എഫ്.സിയും ഷീൽഡ് വിന്നേഴ്സായ മോഹൻ ബഗാനുമാണ് ആദ്യമത്സരത്തിൽ കൊമ്പുകോർക്കുന്നത്. കൊൽക്കൊത്ത സാൾട്ട്ലേക്ക് സ്റ്റേഡിയത്തിൽ ഇന്ന് രാത്രി ഏഴരയ്ക്കാണ് മത്സരം. മലയാളി ഫുട്ബോൾ ആരാധകർ ഉറ്റുനോക്കുന്ന കേരള ബ്ലാസ്റ്റേഴ്സിൻ്റെ ആദ്യ മത്സരം മറ്റന്നാളാണ്. കലൂർ ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ പഞ്ചാബ് എഫ്.സിയാണ് കേരള ബ്ലാസ്റ്റേഴ്സിൻ്റെ എതിരാളികൾ.

***************************

***************************************************

*************************************************************************